**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ്-റോസ്മല റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആര്യങ്കാവ്-റോസ്മല വനപാതയിൽ, തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഭാഗത്ത് റോഡിന്റെ പല ഭാഗങ്ങളും പൂർണമായും തകർന്നുകിടക്കുന്നതു പരിഹരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ആര്യങ്കാവ്-റോസ്മല വനപാതയുടെ പുനർനിർമ്മാണ പ്രവൃത്തിക്കുള്ള അടങ്കൽ ഡിവിഷൻ തലത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഡിപ്പാർട്ട്മെന്റിന്റെ തനതു ഫണ്ടിലോ, നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (ബി) | 'സഫാരി' വനയാത്ര കടന്നു പോകുന്നതും വിനോദസഞ്ചാര പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡിൽ അവശേഷിക്കുന്ന 3 കിലോമീറ്റർ ഭാഗം കൂടി നവീകരിക്കുന്നതിനുള്ള നടപടികൾക്കായി വകുപ്പിന്റെ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (ബി) | 'സഫാരി' വനയാത്ര കടന്നു പോകുന്നതും വിനോദസഞ്ചാര പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡിൽ അവശേഷിക്കുന്ന 3 കിലോമീറ്റർ ഭാഗം കൂടി നവീകരിക്കുന്നതിനായി ഡിപ്പാർട്ട്മെന്റിന്റെ തനത് ഫണ്ടിലോ നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ